ജോർജിയൻ

കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | പുസ്തകം 18 | ലക്കം 1 | ജനുവരി 2016 | പേജ് 4

ആദരാഞ്ജലികൾ



ഫാ. എം. സി. ജോർജ്
മുണ്ടപ്ലാമ്മൂട്ടിൽ
(മുൻ വികാരി)

ലഫ്റ്റനന്റ് കേണൽ
നിരഞ്ജൻ കുമാർ

കെ. എസ്. വർഗീസ്
കാവനാടിൽ മണ്ണിൽ
(സെന്റ് ജോർജ് സണ്ടേസ്കൂൾ മുൻ ഹെഡ്മാസ്റ്റർ)

വലിയപെരുന്നാൾ നിറവിൽ ഇടവക

കുഴിമറ്റം: നമ്മുടെ ഇടവകയുടെ 115-ാമത് വലിയപെരുന്നാൾ ജനുവരി 24 മുതൽ ഫെബ്രുവരി 1 വരെ നടക്കും. ജനുവരി 24-ാം തീയതി കുർബ്ബാനാനന്തരം കപ്പൂച്ചിയൻ പിതാവായ ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ പെരുന്നാൾ ഒരുക്ക ധ്യാനശുശ്രൂഷകൾ നിർവഹിക്കും. തുടർന്ന് പെരുന്നാൾ കൊടിയേറ്റ് നടക്കും. തിരുവനന്തപുരം ഭദ്രാസനത്തിലെ പ്രാർത്ഥനാഗ്രൂപ്പിന്റെ നേതൃത്വത്തിൽ മൂന്ന് ദിവസം കൺവൻഷൻ. 31-ാം തീയതി ബത്തേരി ഭദ്രാസനാധിപനായ ഏബ്രഹാം മാർ എപ്പിപ്പാനിയോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ പെരുന്നാൾ സന്ധ്യാനമസ്കാരം. തുടർന്ന് ബഥനി ആശ്രമം ചുറ്റിയുള്ള ഭക്തിനിർഭരമായ പ്രദക്ഷിണവും വാഴ്വും. പെരുന്നാൾ ദിവസം രാവിലെ അഭിവന്ദ്യ ഏബ്രഹാം മാർ എപ്പിപ്പാനിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാന. തുടർന്ന് മുൻ വികാരി ഫാ. ജോസഫ് പുറ്റാനിലിനെ ആദരിക്കും.

നവീകരിച്ച ഓഫീസ് ബ്ലോക്കിന്റെ കൂദാശ പെരുന്നാൾ ദിവസം നിർവ്വഹിക്കും.

ആദ്ധ്യാത്മിക അക്ഷരമുറ്റം നൂറാം വയസ്സിലേക്ക്

തലമുറകളെ ദൈവികപാതയിൽ വഴിനടത്തിയ ഇടവകയുടെ ആദ്ധ്യാത്മിക അക്ഷരമുറ്റം - സെന്റ് ജോർജ് സണ്ടേസ്കൂൾ - നൂറാം വയസ്സിലേക്ക് പ്രവേശിക്കുന്നു. 1917-ൽ ആരംഭിച്ച സെന്റ് ജോർജ് സണ്ടേസ്കൂൾ 2017-ൽ നൂറ് വർഷം പിന്നിടുന്നു. ശതാബ്ദി ആഘോഷം ഈ വർഷം ഫെബ്രുവരിയിൽ ആരംഭിക്കും.

ആഘോഷങ്ങളുടെ ക്രമീകരണങ്ങൾക്കായി ബാബുക്കുട്ടി ഈപ്പൻ മാമ്മൂട്ടിൽ ജനറൽ കൺവീനറായ 51 അംഗ കമ്മിറ്റിയെ തിരഞ്ഞെടുത്തു. ഭവനനിർമ്മാണം, സുവനീർ, ശതാബ്ദി പ്രാർത്ഥനസംഗമം, ശതാബ്ദി കലണ്ടർ, ഭദ്രാസന സണ്ടേസ്കൂൾ അദ്ധ്യാപകർക്കായി സെമിനാർ, അഖില മലങ്കര തലത്തിൽ വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരം, കൗൺസിലിംഗ് ക്ലാസ്സ്, പേഴ്സണാലിറ്റി ഡവലപ്മെന്റ്, മെഡിക്കൽ ക്യാമ്പ്, ഐ.എ.എസ്. കാരെ പങ്കെടുപ്പിച്ചു കരിയർ ഗൈഡൻസ് ക്ലാസ്സ്, സൗജന്യ പഠനയാത്ര, രണ്ട് സണ്ടേസ്കൂളുകളേയും പങ്കെടുപ്പിച്ചു ക്ലാസ്സ്, പൂർവ്വ വിദ്യാർത്ഥി സമ്മേളനം, 60 വയസ്സിനു മുകളിലുള്ള അദ്ധ്യാപകരേയും മുൻ അദ്ധ്യാപകരേയും ആദരിക്കൽ, ബൈബിൾ സ്റ്റഡി സർക്കിൾ, പ്രാർത്ഥനയെയും കുർബ്ബാനയെയും പറ്റി പഠിപ്പിക്കുക, കുട്ടികൾക്ക് 100 ജനറൽ ക്ലാസ്സ്, കുമ്പസാരക്ലാസ്സും കുർബ്ബാന അനുഭവവും, രോഗികളെ സന്ദർശിക്കൽ തുടങ്ങിയ വിവിധ പരിപാടികൾ നടത്തും:

അനുമോദനങ്ങൾ

രേഷ്മ രാജൻ
കാരാണിക്കുളം
(മദ്രാസ് യൂണിവേഴ്സിറ്റി
ബി. എസ്. സി. വിഷ്വൽ
കമ്മ്യൂണിക്കേഷൻസ്
ഒന്നാം റാങ്ക്)

ജോൺസി മോൾ ജോയി
മുതലകേരിൽ
(എം. ജി.
യൂണിവേഴ്സിറ്റി
എം. ടെക്.
രണ്ടാം റാങ്ക്)

യഥാർത്ഥ ക്രിസ്തുമസ് സന്ദേശവുമായി 'ക്രിസ്തുമസ് മധുരം'

കുഴിമറ്റം: ആഘോഷതിമിർപ്പുകളുടെ രാവിൽ ആഘോഷങ്ങളും ഉദ്ഘാടനചടങ്ങുകളും സാന്തയും വാദ്യമേളങ്ങളുടെ അകമ്പടിയും ഒന്നും ഇല്ലാതെ കുഴിമറ്റം സെന്റ് ജോർജ് പള്ളിയിലെ യുവജനപ്രസ്ഥാനാംഗങ്ങൾ ക്രിസ്തുമസിന്റെ യഥാർത്ഥ സന്ദേശം പ്രചരിപ്പിച്ചുകൊണ്ട് തെരുവിൽ അന്തിയുറങ്ങുന്നവർക്ക് പുതപ്പും ഭക്ഷണവും ക്രിസ്മസ് കേക്കും നൽകി സന്തോഷത്തിന്റെ സുദിനം ആഘോഷിച്ചു.

ക്രിസ്മസ് ദിനത്തിൽ "ക്രിസ്മസ് മധുരം" എന്ന പരിപാടിയുടെ ഭാഗമായിട്ടാണ് യുവാക്കൾ വാഹനത്തിൽ നഗരത്തിനുള്ളിൽ സഞ്ചരിച്ച് തെരുവിൽ അന്തിയുറങ്ങുന്ന 50-ഓളം ആളുകൾക്ക് ക്രിസ്മസ് സമ്മാനമായി ഡിസംബറിലെ കോരിത്തരിക്കുന്ന മഞ്ഞിൽ തണുപ്പകറ്റാൻ പുതപ്പും വിശപ്പകറ്റാൻ ഭക്ഷണവും നൽകിയത്.

യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഓണാഘോഷം - ഉത്രാടസന്ധ്യ.

യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ
സ്നേഹ സാഹോദര്യജ്വാല പരുത്തുംപാറ കവലയിൽ

എഡിറ്റോറിയൽ

21-ാം നൂറ്റാണ്ടിന്റെ ധ്രുതഗതിയിലുള്ള വളർച്ചയ്ക്കും പുരോഗതിക്കും വഴിതെളിച്ച ഘടകങ്ങളാണല്ലോ കമ്പ്യൂട്ടറും ഇന്റർനെറ്റും സ്മാർട്ട്ഫോണുമൊക്കെ. അതിന്റെ സവിശേഷ ഘടകങ്ങളിൽനിന്ന് വ്യതിചലിച്ച് ഇന്നത്തെ 'New gen' യുവത്വം അതിനെ മറ്റൊരു വീക്ഷണതലത്തിൽ എത്തിച്ചിരിക്കുന്നു. നമ്മുടെ ദേവാലയങ്ങൾപോലും വി. കുർബാനമദ്ധ്യത്തിലും, മറ്റ് സമയങ്ങളിലും മൊബൈലിന്റെ അമിതമായ ഉപയോഗം കണ്ടുവരുന്നു. ചാറ്റിങ്ങിലൂടെയും ചീറ്റിങ്ങിലൂടെയും ദൈവികപാതയിൽനിന്ന് നമ്മുടെ യുവത്വം വഴിമാറിപോകുന്നു. ബൈബിളിനെയും കുർബ്ബാനക്രമത്തെയും അവർ മൊബൈലിനുള്ളിലെ കേവലം ഒരു "ആപ്പ്" മാത്രമായി ഉപയോഗിക്കുമ്പോൾ ദൈവത്തിന്റെ ആപ്പിൽ വീണുപോകുന്നു. ദൈവത്തിന്റെ "Contact" ലിസ്റ്റിൽ നിന്ന് അവർ "Delete" ആകുന്നതും യുവസമൂഹം മനസ്സിലാക്കുന്നില്ല.

വീണ്ടും ഒരു ക്രിസ്മസ് കൂടി കടന്നു പോകുന്നു, എന്നാൽ രക്ഷകന്റെ ജനനം എന്നതിലുപരിയായി ഒരു ആഘോഷമാർഗ്ഗം ആയി ഇന്ന് ക്രിസ്മസ് മാറിയിരിക്കുന്നു. അതിൽനിന്ന് മാറ്റം അനിവാര്യമാണ്. ക്രിസ്മസിലൂടെ ക്രിസ്തു വീണ്ടും ഹൃദയത്തിൽ ജനിക്കുവാൻ ഏവർക്കും സാധിക്കണം. നക്ഷത്രവിളക്കുകളിൽ നിന്നുള്ള പ്രകാശം പോലെ എല്ലാ ഹൃദയങ്ങളിലും നന്മയും സ്നേഹവും പ്രസരിക്കട്ടെ. എല്ലാ വായനക്കാർക്കും ക്രിസ്മസ് പുതുവത്സര ആശംസകൾ നേർന്നുകൊണ്ട് ഇടവകയുടെ മുഖപത്രമായ 'ജോർജിയൻ' സമർപ്പിക്കുന്നു.

– കെൽവിൻ ടി. വർഗീസ്
(എഡിറ്റർ)

ജോർജിയൻ

രക്ഷാധികാരി
ഫാ. വർഗീസ് മർക്കോസ് ആര്യാട്ട്
എഡിറ്റർ
കെൽവിൻ റ്റി. വർഗീസ്
എഡിറ്റോറിയൽ ബോർഡ്
റോജി പി. റോയി
റോഷിൻ കുരുവിള
റിക്കു വർഗീസ്

വര

– ഷാരോൺ സോണി



– ഗിത്തു ചാക്കോ

വിടരേണ്ട മൊട്ടുകൾ

സിജിത് കുന്നപ്പള്ളി

ഒരുപിടി നല്ല ഓർമ്മകൾ സമ്മാനിച്ച് ഒരു ക്രിസ്തുമസ് കാലംകൂടി കടന്നുപോയിരിക്കുന്നു. ആശംസകളും അനുഗ്രഹങ്ങളും ആഘോഷങ്ങളും ഓർമ്മയിലൊതുക്കി, പോയ നല്ല നാളുകളുടെ സ്മരണകൾക്കൊപ്പം കൂട്ടിച്ചേർത്ത് ഹൃദയത്തിന്റെ കോണിൽ ഭദ്രമാക്കി കഴിഞ്ഞിരിക്കുന്നു മലയാളികൾ.

കേരളീയരുടെ മനസ്സിന്റെ ഉള്ളിൽ ആഘോഷങ്ങളും, ഉത്സവങ്ങളും പെരുനാളുകളും ജാതി മത പ്രായ ഭേദമെന്യേ കാലത്തിന്റെ ഏതു ഘട്ടത്തിലും തീവ്രമായ ഒരു ഗൃഹാതുരത്വത്തെ സൃഷ്ടിക്കാനാകും. അവന്റെ /അവളുടെ ബാല്യ കൗമാര യൗവന കാലങ്ങളിൽ അവർക്ക് ലഭിച്ച ആ നല്ല ഓർമ്മകളുടെ അടിസ്ഥാനത്തിലാണ് അത് എന്നതും വാസ്തവം.

ആദിമകാലം മുതലെ ലോകത്തിന്റെ നെറുകയിൽ തൊടാനുള്ള മനുഷ്യന്റെ ശ്രമങ്ങൾ തുടങ്ങിയിരുന്നു. 21-ാം നൂറ്റാണ്ടിൽ എത്തിനിൽക്കുമ്പോൾ ആധുനിക സാങ്കേതിക വിദ്യകളിൽ മനുഷ്യർ അഭിമാനാർഹമായ വലിയ വിജയങ്ങൾ കണ്ടെത്തിയിരിക്കുന്നു. സത്യത്തിൽ ഈ കണ്ടെത്തലുകളും കണ്ടുപിടിത്തങ്ങളും മനുഷ്യനും മനുഷ്യമനസ്സുകൾക്കും വിശ്രമത്തിനു പകരം തിരക്കുകൾ നിറഞ്ഞ അന്തരീക്ഷവും ജീവിതവുമാണ് നൽകുന്നതെന്ന് നാം അറിയുന്നില്ല.

കൂട്ടുകുടുംബങ്ങളിൽനിന്ന് അണുകുടുംബങ്ങളിലേക്ക് ചേക്കേറിയ നാൾ മുതൽ മനുഷ്യന് വിശ്രമവും ആഘോഷങ്ങളും പരിമിതപ്പെടുകൊണ്ടിരുന്നു. എല്ലാം സ്വന്തമായി വെട്ടിപ്പിടിക്കാനുള്ള പരിശ്രമങ്ങളിൽ ആഘോഷങ്ങളും സന്തോഷങ്ങളും കുടുംബത്തിനുള്ളിലേക്ക് ചെറിയ ബന്ധങ്ങളിലേക്ക് മാത്രമായി ചുരുങ്ങിക്കൊണ്ടിരിക്കുന്നു. അത്തം മുതൽ പത്ത് ദിവസം ഗംഭീരമായി കൊണ്ടാടിയിരുന്ന കേരളീയരുടെ മാത്രം ഓണം പോലും ഒന്നോ രണ്ടോ ദിവസങ്ങളിലേക്ക് ഒതുക്കപ്പെട്ടുകൊണ്ടിരിക്കുന്നതും ഇതിനുദാഹരണമാണ്.

ഇവിടെ നാം ശ്രദ്ധിക്കപ്പെടാതെ പോകുന്ന ഒന്നുണ്ട്. "നമുക്ക് പിന്നാലെ നടന്നുവരുന്ന പുത്തൻ തലമുറകൾ" നാളെയുടെ ലോകത്തെ നയിക്കേണ്ട, സമൂഹത്തിന്റെ മാതൃകയാകേണ്ട ഈ തലമുറകളുടെ മനസ്സും മനസ്സാക്ഷിയും ലോകത്തിന്റെ തിരക്കുകളിൽ മൗനം പാലിക്കുകയാണ്. നമ്മുടെ ആ കാലഘട്ടങ്ങളിൽ ലഭിച്ച സൗഹൃദങ്ങളുടെ വലിയ ബന്ധങ്ങൾ, ആഘോഷങ്ങളുടെ വലിയ സന്തോഷങ്ങൾ, സ്വാതന്ത്ര്യത്തിന്റെ വലിയ ശ്വാസനിശ്വാസങ്ങൾ, സർഗ്ഗാത്മകമായ കഴിവുകളെ അവതരിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും ലഭിച്ച അവസരങ്ങൾ ഇന്നവർക്ക് പരിചയമില്ലാത്ത സ്വപ്നങ്ങളാണ്.

ഒരു കാലഘട്ടത്തിൽ ബാല്യകൗമാര ജീവിതങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന അടിസ്ഥാന സൗകര്യങ്ങളും വിദ്യാഭ്യാസവും, ആഹാരവും പരിമിതമായിരുന്ന കാലത്ത് പോലും സ്നേഹവും ധർമ്മവും ബന്ധങ്ങളും ജീവിതത്തിന്റെ പോരാട്ടത്തിന് ആവേശം നൽകിയിരുന്നു. ഇന്ന് അവസ്ഥ തികച്ചും വിപരീതമാണ്. എല്ലാ മാതാപിതാക്കളും അവരുടെ മക്കൾക്ക് നല്ല സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നു. പക്ഷെ അവരുടെ മാനസികമായ വ്യക്തിത്വത്തെ വളർത്തുവാൻ അവരുടെ മനസ്സാക്ഷിയെ ധർമ്മം പഠിപ്പിക്കുവാൻ അവരുടെ ഉള്ളിലെ കഴിവുകളെ കണ്ടെത്തുവാനും അവതരിപ്പിക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുവാൻ ഇന്നത്തെ സമൂഹത്തിന് സാധിക്കുന്നില്ല അല്ലെങ്കിൽ അതിന് അവർ സമയം കണ്ടെത്തുന്നില്ല. വരുംതലമുറകളുടെ ഭാവിക്കായി വാവിട്ട് നിലവിളിക്കുകയും പ്രതികരിക്കുകയും ചെയ്യുന്നവർ പോലും സുസ്ഥിരമായ സംവിധാനത്തെ അഭിവൃദ്ധിപ്പെടുത്തുന്നില്ല.

ക്ലാസ്സ്മുറികളിൽ നിന്നു വീട്ടുമുറികളിലേക്ക് അവർ ഒറ്റപ്പെടുന്നു. മദ്യവും മയക്കുമരുന്നുകളും നല്ല ലക്ഷ്യം മാത്രം മുന്നിൽ കണ്ട് ആരംഭിച്ച വാട്ട്സ് അപ്, ഫേസ്ബുക്ക് പോലുള്ള സോഷ്യൽ മീഡിയകൾ ഇവരുടെ ജീവിതത്തിന്റെ വില്ലനാകുന്നതും, കാർന്നുതിന്നുന്നതും ഈ സാഹചര്യത്തിലാണെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

മനപൂർവ്വമല്ലാത്ത നരഹത്യക്ക് ശിക്ഷിക്കപ്പെടുന്ന ഒരുവന്റെ മാനസികാവസ്ഥയിലേക്കാണ് ഇവ കൗമാരക്കാരെ നയിക്കുന്നതെന്ന് നാം തിരിച്ചറിയണം. കൈവിരൽ തുമ്പിനാൽ ഷെയർ ചെയ്യുന്നതും, ലൈക്ക് ചെയ്യുന്നതുമായ പലതും വ്യക്തിഹത്യക്കോ, വിദ്വേഷത്തിനോ, വെറുപ്പിനോ ഇടയാക്കുമെന്ന് പോലും ചിന്തിക്കാനുള്ള വിവേചനബുദ്ധി നഷ്ടപ്പെട്ടിരിക്കുന്നു. വികാര തീവ്രതയിൽ അറിയാതെ ചെയ്തുപോകുന്ന പലതും, പലപ്പോഴും ആത്മഹത്യയിലേക്കോ, അപമാനത്തിലേക്കോ നയിക്കുന്നതും ഇതിന്റെ സൂചനകളാണ്. ആത്മഹത്യാനിരക്കിൽ വർഷംതോറും ബാല്യകൗമാരക്കാരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പ്രത്യാശയും പ്രതീക്ഷയും ആവേശവും നിറഞ്ഞ ജീവിതം നയിക്കേണ്ട ഇവരെ തുടിക്കുന്ന ഹൃദയത്തിൽനിന്ന് മരണത്തിലേക്ക് നടത്തുന്നതും നമ്മുടെ അശ്രദ്ധയാണെന്നുള്ള കുറ്റം നാം സമ്മതിക്കേണ്ടിയിരിക്കുന്നു.

കുടുംബങ്ങളിൽ നിന്നാണ് വ്യക്തിത്വത്തിന്റെ ആദ്യപാഠങ്ങൾ പഠിക്കുന്നത്. ലോകത്തിന് മാതൃകയാവുംവിധം അതിനെ വളർത്തിയെടുക്കേണ്ട ഉത്തരവാദിത്വം നാം ഉൾപ്പെടുന്ന ഈ സമൂഹത്തിനാണ്. നന്മയുടെ പാതയിൽ ധർമ്മത്തിന്റെ വെളിച്ചത്തിൽ സത്യവും നീതിയും ചൊല്ലിക്കൊടുക്കേണ്ട നാം വരുംതലമുറയോടുള്ള ഉത്തരവാദിത്വത്തിൽ നിന്ന് സ്വാർത്ഥ ജീവിതത്തിലേക്ക് ഓടി ഒളിക്കുകയാണ്. ചില സ്വാർത്ഥ താൽപര്യങ്ങൾക്കു വേണ്ടി സമൂഹത്തെ ഭിന്നിപ്പിച്ച് ലാഭം കൊയ്യാനുള്ള ശ്രമങ്ങൾ ഒരു പരിധിവരെ വിജയിക്കുന്നതും ഇത്തരം സാഹചര്യങ്ങളിലാണ്.

സംസ്കാരവും, പ്രതികരണശേഷിയും, വിവേചനബുദ്ധിയുമുള്ള ഒരു തലമുറക്ക് ഇവയെ ചെറുത്ത് തോൽപ്പിക്കാനാകും. ജാതിയുടേയോ കൊടിയുടെയോ നിറം നോക്കാതെ വരുംതലമുറയുടെ ശാന്തസുന്ദരമായ ജീവിതത്തിനായി യുവജനസംഘടനകളും, യുവജനപ്രസ്ഥാനങ്ങളും ഉണർന്നു പ്രവർത്തിക്കേണ്ട സമയമായിരിക്കുന്നു. നാം ഇന്ന് പഠിപ്പിച്ചുകൊടുക്കുന്ന മാതൃക അവരുടെ വരുംതലമുറക്കാരെയും അവർ കാണിച്ചു കൊടുക്കും.

നന്മയുടെ പാഠങ്ങൾ പഠിപ്പിച്ചും ധർമ്മത്തിന്റെ പാത കാണിച്ചുകൊടുത്തും, സർഗ്ഗാത്മകമായ കഴിവുകളെ കണ്ടെത്തിയും, പ്രോത്സാഹിപ്പിച്ചും കേരളീയർക്ക് എന്നും അഭിമാനിക്കാൻ കഴിയുന്ന എം.ടി. യെപ്പോലെ, അടൂർ ഗോപാലകൃഷ്ണനെപ്പോലെ, സുഗതകുമാരിയെപ്പോലെ, പി. ടി. ഉഷയെപ്പോലെയുള്ള പുതിയ പ്രതിഭകളെ കണ്ടെത്താം.

ഇത് പുതിയ തിരിച്ചറിവുകളല്ല. തിരിച്ചറിയാതെ പോകുന്ന അറിവുകളാണ്. കാലത്തിന്റെ വേഗതയ്ക്കൊപ്പം ഓടുമ്പോൾ നഷ്ടപ്പെടുന്ന ബുദ്ധിശൂന്യതയിൽ നഷ്ടമാകുന്ന സംസ്കാരം തിരിച്ചറിയുകയും പ്രാവർത്തികമാക്കപ്പെടുകയും ചെയ്യുന്നതാണ് വരുംതലമുറയ്ക്ക് നൽകാൻ കഴിയുന്ന വലിയ സമ്മാനം. ❑

(അ)പരിചിതൻ

സച്ചിൻ ജേക്കബ് പോൾ പട്ടശ്ശേരിൽ

സ്വർഗ്ഗത്തിൽ ചർച്ച നടക്കുകയാണ്. മാലാഖമാരും പ്രധാന മാലാഖമാരും സന്നിഹിതരാണ്. വിഷയം ഒന്ന് മാത്രമാണ്. "വിശ്വാസികൾ കുറയുന്നു." പള്ളികളിൽ ആളില്ല. യൂറോപ്പിലും അമേരിക്കയിലും ദേവാലയങ്ങൾ പൂട്ടിക്കിടക്കുന്നു. യിസ്രായേലിന്റെ കാര്യം പറയുകയേ വേണ്ട. പുതിയ തലമുറയ്ക്കിതെന്തുപറ്റി? ആലോചനകൾക്കിടയിൽ, ഒരു നിർദ്ദേശം! കേരളത്തിലെത്തി കാര്യങ്ങളൊക്കെ പഠിക്കണം. അവിടെ മുഴുവൻ പള്ളികളാണല്ലോ! ഒരു പള്ളിയുടെ മുറ്റത്തുതന്നെ അടുത്തത്. പെരുന്നാളുകളും ഒന്നിനൊന്നിന് കെങ്കേമം. ഠോ, ഠേ, പറഞ്ഞു തീർന്നില്ല, ഒരു അമിട്ട് സ്വർഗ്ഗം വരെ എത്തി. കൊള്ളാം ഈ കേരളം. ദൈവത്തിന്റെ സ്വന്തം നാടെന്ന് പറയുന്നത് വെറുതെയല്ല. ആരെങ്കിലും അത്യാവശ്യമായി അവിടെ വരെ പോയി കാര്യങ്ങൾ ഒക്കെ പഠിക്കണം.

ക്രിസ്തുമസ് കാലമല്ലേ ഞാൻ തന്നെ പോകാം. യേശുക്രിസ്തു പറഞ്ഞു. നല്ലതാണ്, അവിടെ മാവേലി എന്നൊരാളുണ്ട്. അദ്ദേഹം അവിടെ ചെല്ലുന്നത് അവർ ആഘോഷിക്കാറുണ്ട്.

മധ്യതിരുവിതാംകൂറിൽ നിന്ന് തന്നെ സന്ദർശനം തുടങ്ങാം, ധാരാളം വിശ്വാസികളുടെ പ്രദേശമാണ്. അച്ചടക്കത്തോടെ പുഞ്ചിരിതൂകി വരിവരിയായി നിൽക്കുന്ന ആളുകളെ കണ്ടപ്പോൾ ക്രിസ്തുവിന് സന്തോഷമായി. അത് പള്ളിയിലേക്കാണെന്ന തെറ്റിദ്ധാരണ പെട്ടെന്ന് തന്നെ മാറി. ക്രിസ്തുമസ് ആഘോഷിക്കുവാനുള്ള സാധനം സംഘടിപ്പിക്കുന്നതിനായാണ് സ്വാതിക ഭാവത്തോടെയുള്ള ആ നിൽപ്പ്.

ആഘോഷ തിമിർപ്പുകൾക്കിടയിലും പട്ടിണികോലങ്ങളേയും നിരാലംബരേയും ധാരാളം കാണാനുണ്ട്. അങ്ങനെ കാഴ്ചകൾ കണ്ട് നടക്കുന്നതിനിടയിൽ ഒരാൾക്കൂട്ടം. എല്ലാവരുടെയും ശ്രദ്ധ നല്ല തടിയനായ വെള്ളത്താടിയുള്ള ചുവന്ന കുപ്പായക്കാരനിലാണ്. "Happy Christmas" എന്ന് ഉറക്കെ പാടിക്കൊണ്ട് ചെറുപ്പക്കാരുടെ ഒരു സംഘത്തെ നയിക്കുകയാണയാൾ. ആശാൻ, കൊള്ളാമല്ലോ എന്ന് ചിന്തിച്ച് നിൽക്കുമ്പോൾ മുമ്പിൽ അദ്ദേഹം. വന്നപാടെ മാറ്റിനിർത്തി കാര്യം പറഞ്ഞു തുടങ്ങി. കർത്താവേ, ഞാൻ സാന്താക്ലോസ്, ഇപ്പോൾ ഞാനാണ് ക്രിസ്തുമസിന്റെ ബ്രാൻഡ് അംബാസഡർ. വെറുതെ ഇവിടെ വന്ന് എന്റെ കഞ്ഞികുടി മുട്ടിക്കരുത്! ഞാനിവരുടെ കൂടെ സെൽഫിയൊക്കെയെടുത്ത്, ഫേസ്ബുക്കിലൊക്കെ കയറി ജീവിച്ചു പൊയ്ക്കോട്ടെ. സംശയമുണ്ടെങ്കിൽ താങ്കൾ എന്റെകൂടെ പോര്, അതിനുശേഷം വിശ്വസിച്ചാൽ മതി. ആട്ടിടയന്മാർ ലോകരക്ഷകന്റെ വരവിനെ അറിയിച്ച നന്മനിറഞ്ഞ രാവിന്റെ ഓർമ്മകളിൽ ദീപാലംകൃതമായ നാടും നഗരവും സാന്തായുടെ വാക്കുകൾ വിശ്വസിക്കുന്നതിൽ നിന്ന് ക്രിസ്തുവിനെ വിലക്കി.

ഗായകസംഘം മുമ്പോട്ട് നീങ്ങി, ഒരു ഭവനത്തിന്റെ മുമ്പിലെത്തിയപ്പോൾ സാന്തായുടെ ഭാവം മാറി, പുറകെ വന്ന വാഹനത്തിൽനിന്ന് അത്യുച്ചത്തിൽ മുഴങ്ങുന്ന പാട്ടി

(ശേഷം മൂന്നാം പേജിൽ)

സെന്റ് ജോർജ്ജ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനം, കുഴിമറ്റം, കോട്ടയം

ഭാരവാഹികൾ 2015–16

പ്രസിഡന്റ്
ഫാ. വർഗീസ് മർക്കോസ് ആര്യാട്ട്

വൈസ് പ്രസിഡന്റ്
അജു അലക്സ് മാമ്മൂട്ടിൽ

സെക്രട്ടറി
റിക്കു വർഗീസ് പാച്ചിറ

ജോയിന്റ് സെക്രട്ടറി
കെൽവിൻ റ്റി. വർഗീസ് കാരാണിക്കുളം
ജിത്തു വർഗീസ് എരുമത്താനം

ട്രഷറർ
സെൻ എസ് മാമ്മൂട്ടിൽ

പള്ളം ഗ്രൂപ്പ് പ്രതിനിധി
റോഷിൻ ഫിലിപ്പ് നീലഞ്ചിറ

കലാസാഹിത്യവേദി
ഷാജു ഷാജി കന്യാകോണിൽ
ഷാരോൺ സോണി പുത്തൻപുരയ്ക്കൽ

ഓഡിറ്റേഴ്സ്
രാജ് ഫിലിപ്പ് മുതലകേരിൽ
ബിനു ഏബ്രഹാം കാരാണിക്കുളം

കമ്മറ്റി അംഗങ്ങൾ
സച്ചിൻ ജേക്കബ് പോൾ പട്ടശ്ശേരിൽ
ജെറിൻ രാജു തുണ്ടിപ്പറമ്പിൽ
ഷെറിൻ വർഗീസ് പാച്ചിറ
ജെറി ജോർജ് വെള്ളുത്തോട്ടൽ
അമൽ ഫിലിപ്പ് ജോർജ് കണിയാംപറമ്പിൽ

നക്ഷത്രങ്ങളെ നോക്കി ക്രൂശിലേക്ക്

ബിനു ഏബ്രഹാം കാരാണിക്കുളം

ഒരു യാത്രയുടെ ആരംഭമാണ് ക്രിസതുമസ്. ക്രിസ്തുവിന്റെ വിരുന്നിലേക്കുള്ള യാത്ര. ക്ഷണിക്കപ്പെടാത്ത അതിഥികളെ മണവാളൻ പുറത്താക്കുമെന്ന് വി. വേദഭാഗം ഓർമ്മപ്പെടുത്തുന്നു. ആരാണ് ക്ഷണിക്കപ്പെടുന്നവർ? ആരാണ് തന്റെ മാതാവും സഹോദരങ്ങളുമെന്ന് ഒരിക്കൽ ക്രിസ്തു ചോദിക്കുന്നു. അതിന്റെ മറുപടി സകല നിയമങ്ങൾക്കും അതീതമാണ്. ദൈവേഷ്ടം ചെയ്യുക; ഇഷ്ടം ചെയ്യുക എന്നത് ഇഷ്ടപ്പെട്ടത് ചെയ്യുക എന്നല്ല. 'അവന്റെ' ഇഷ്ടം എന്റെ ഇഷ്ടമല്ലാതായിത്തീരുന്നതാണ് പാപം. ആദിമാതാപിതാക്കൾക്ക് സംഭവിച്ചതും ഇതുതന്നെയാണ്.

അസാധാരണമായ ഒരു നക്ഷത്രത്തിന്റെ അടയാളമിട്ടാണ് വിശ്വപ്രകൃതി ക്രിസ്തുമസ് ആഘോഷിച്ചത്. ചെറിയ അതിരുകളുടെ പറയ്ക്കു കീഴിൽ ആ പ്രകാശത്തെ പരിമിതപ്പെടുത്തുക എന്ന അപരാധം നമ്മൾ ചെയ്യാതിരിക്കാൻ മനുഷ്യരുടെ 'വെളിച്ചമെന്ന പദം' കൊണ്ടാണ് യോഹന്നാൻ അതിനെ വിശേഷിപ്പിച്ചത്. ആ വിളക്കിനെ പിൻതുടർന്നാണ് ജ്ഞാനികൾ ആ പുൽതൊട്ടിയിലേക്ക് എത്തിയത്. ഒരു നക്ഷത്രത്തെ തിരയാൻ തയാറാകുന്നവർക്ക് എന്നെങ്കിലും ഒരു ക്രിസ്തുവിനെ കണ്ടെത്തിയേ മതിയാവൂ. നക്ഷത്രങ്ങൾക്കും ക്രിസ്തുവിനും ഇടയിൽ അനേകം യാതനകൾ സഹിക്കേണ്ടിവരും. ഹെറോദോസിനെപ്പോലുള്ളവർ, പ്രലോഭനങ്ങളിൽ അകപ്പെടുത്താം. അതിനെ ഒരു ആട്ടിടയന്റെ നൈർമ്മല്യത്തോടെ മനസ്സിലാക്കി, ജ്ഞാനികളെപ്പോലെ തിരിച്ചറിയാൻ കഴിയുന്നവർക്കേ ക്രിസ്തുവിനെ കാണുവാൻ സാധിക്കുകയുള്ളു.

ഇരുട്ട് അതിൽത്തന്നെ ഒരു യാഥാർത്ഥ്യമല്ല, മറിച്ച് വെളിച്ചത്തിന്റെ അഭാവമാണെന്ന് മനസ്സിലാക്കിയാൽ തീരാവുന്ന പ്രശ്നങ്ങളേയുള്ളു നമ്മുടെ ജീവിതത്തിൽ. പുതിയ നിയമത്തിൽ ഏറ്റവും കൂടുതൽ ആവർത്തിക്കപ്പെടുന്ന പദങ്ങളിലൊന്നാണ് 'വെളിച്ചം'. വെളിച്ചത്തിലായിരിക്കാനുള്ള ക്ഷണമാണ് സുവിശേഷം പോലും. പകലുള്ളപ്പോൾ പകലിനോടൊപ്പമായിരിക്കുക എന്ന മട്ടിൽ ലളിതമായിട്ടാണ് അത് അനുവർത്തിക്കപ്പെടുന്നത്. വേദം നിറയെ വെളിച്ചത്തിനുവേണ്ടിയുള്ള പ്രാർത്ഥനകളാണ്. ക്രിസ്തുവിന്റെ വഴിയിലേക്ക് വന്ന ഓരോ അന്ധനും പ്രാർത്ഥിച്ചത് "യേശുവേ ദൈവപുത്രാ ഞങ്ങളിൽ കനിയേണമേ" എന്നാണ്. ക്രിസ്തു അവരോട് ചോദിച്ചു, "ഞാൻ നിങ്ങൾക്ക് എന്തു ചെയ്തുതരണമെന്നാണ് നിങ്ങളാഗ്രഹിക്കുന്നത്"? അവർ പറഞ്ഞു, "കർത്താവേ, ഞങ്ങൾക്ക് കണ്ണുകൾ തുറന്നു കിട്ടണം". (മത്തായി. 20:30–32) കാഴ്ചയുള്ളവർപോലും അന്ധരായ ഈ ലോകത്ത് കണ്ണുകളിൽ മാത്രമല്ല, ഹൃദയങ്ങളിലും ഈ പ്രകാശ നക്ഷത്രം ഉദിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ കാഴ്ചതരുന്നവൻ ദൈവമാണെന്ന തിരിച്ചറിവ് ഉണ്ടാവുകയുള്ളു.

ഈ വിളക്ക് കെടുമോ? ഉവ്വ്. 'അപ്പോൾ ഏകദേശം ആറാംമണി നേരമായിരുന്നു. ഒമ്പതാംമണിവരെ ഭൂമി മുഴുവൻ അന്ധകാരം വ്യാപിച്ചു. സൂര്യൻ ഇരുണ്ടു. (ലൂക്കോ. 23: 44–45) ദൈവം കൂടെയുള്ളപ്പോൾ ഏതു പാതിരാവിലും ഒരു സൂര്യൻ തെളിയുന്നു. തമ്പുരാൻ കടന്നു പോകുമ്പോൾ മദ്ധ്യാഹ്നങ്ങളിലും എന്റെ സൂര്യൻ കെട്ടുപോകുന്നു. ഇരുട്ടിനേക്കാൾ ഇരുട്ടാകുന്നു നമ്മുടെ ജീവിതം.

നമ്മുടെ ഉള്ളിലെ ചിരാതുകളെ കണ്ടെത്തി തെളിച്ചുവേണം വെളിച്ചത്തിന്റെ മഹാഗുരുവിനെ പ്രണമിക്കാൻ. ക്രിസ്തുവിന്റെ ഭാഷയിൽ പറയുടെ കീഴിൽ ഒളിപ്പിച്ചുവെച്ച വിളക്കുകൾ കണ്ടെത്തി മൂർധാവെന്ന ദീപപീഠത്തിൽ പ്രതിഷ്ഠിക്കണം. സാധാരണ മനുഷ്യരായ നമ്മൾ അപരന്റെ ഉള്ളിലെ വിളക്കുകൾ കാട്ടിക്കൊടുക്കുവാൻ ഒരു നിമിത്തമാവുക എന്നത് ഒരു വലിയ കാര്യമാണ്. മറ്റൊന്ന്, കാറ്റിലണയാതെ ചില നാളങ്ങളെ സംരക്ഷിക്കുക എന്നതാണ്. ക്രിസ്തുമസ് ദിനത്തിൽ ഇത്തരം ചില ഓർമ്മകൾ തെളിഞ്ഞുവരാറുണ്ട്. സംശയത്തിന്റെ കാറ്റിൽ അണഞ്ഞുപോകേണ്ട ദാമ്പത്യത്തിന്റെ തിരിനാളത്തെ ജോസഫ് എന്ന തച്ചൻ സംരക്ഷിച്ച ചരിത്രമാണ് ക്രിസ്തുമസ്. ഇന്ന് സംരക്ഷിക്കേണ്ട കരങ്ങൾ തന്നെ പ്രഹരിച്ചാൽ എന്തുചെയ്യും? മാതാവും തന്റെ യാത്രയുടെ അവസാനം പ്രകാശത്തെ നോക്കി ക്രൂശിലേക്കായിരുന്നു. നക്ഷത്രങ്ങളെ നോക്കി ക്രിസ്തുവിനെ കണ്ടവർ ക്രൂശിലെ ദിവ്യപ്രകാശത്തെയും ദർശിക്കാതെ പോവുകയില്ല. യാത്രയുടെ ആരംഭവും അവസാനവും പ്രകാശമാകുന്ന ക്രിസ്തുവിൽ ആകട്ടെ.

(അ)പരിചിതൻ...

(രണ്ടാം പേജിൽ നിന്നും...)

നൊന്ന് സാന്തയും കൂട്ടരും നൃത്തംവച്ചു. കൂളിംഗ് ഗ്ലാസ്സ് വെച്ച് സെൽഫിയെടുത്ത് അവരെല്ലാം തിമിർത്താടി. യേശു ചോദിച്ചു, സാന്താക്ലോസേ ഇതിനല്ലല്ലോ നമ്മൾ വന്നത്, ഉന്മാദത്തോടെ തുള്ളുന്നതിനിടയിൽ സാന്താ പ്രതിവചിച്ചു. അതെ, ഇതാണ് പുതിയ ട്രെൻഡ്, ശ്രദ്ധിച്ച് കേട്ട് നോക്ക്. ഇടയ്ക്കിടയ്ക്ക് അങ്ങയുടെ പേര് കേൾക്കാം. വൈറൽ ആയ സിനിമാ ഗാനങ്ങളുടെ വരികൾക്കിടയിൽ 'യേശു' എന്ന് തിരുകി കയറ്റും. അപ്പോൾ ഒരു പയ്യൻ വന്ന് ചോദിച്ചു. എന്താ 'Bro Santa' എന്തെങ്കിലും പ്രശ്നം ഉണ്ടോ, ഞങ്ങൾ ഇടപെടണോ, ലോറിയിൽ മുഴുവൻ നമ്മുടെ ആളുകളാണ്. ഗാനം മുഴങ്ങി കേട്ട വാഹനത്തിന്റെ പേര് കോടമഞ്ഞിലും വ്യക്തമായി കണ്ടു, 'ചെകുത്താൻ.' ചിന്തിച്ചു നിന്ന ക്രിസ്തുവിനെ സാന്താക്ലോസ് ഉപദേശിച്ചു, ഇതാ ഞാൻ പറഞ്ഞത് ഇവർക്ക് പറ്റിയത് ഞാനാണെന്ന്. പെട്ടെന്ന് ഇവിടെ നിന്ന് പൊയ്ക്കോ. അല്ലെങ്കിൽ വല്ല ചാനൽക്കാരും കണ്ടാൽ ചർച്ച് ചെയ്ത് എന്നെ ക്രിസ്തുവും അങ്ങയെ ചെകുത്താനും ആക്കുന്നത് കൂടി കാണേണ്ടി വരും. "എന്റെ പിതാവേ ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർ അറിയുന്നില്ല ഇവരോട് ക്ഷമിക്കണമേ."

ദേവാലയത്തിലേക്ക് ചെല്ലാം ഈ കോലാഹലങ്ങൾക്കിടയിൽ കുറച്ച് നല്ല മനുഷ്യരെ കാണാം. ശിൽപകലയുടെ കരവിരുതിൽ നിർമ്മിച്ച മനോഹര ദേവാലയം പ്രൗഢിയോടെ നിൽക്കുന്നു. മുട്ടുകുത്തി പിതാവിനോട് സംവദിക്കുന്നതിനിടയിൽ ഒരു കാൽപ്പെരുമാറ്റം; പള്ളിയ്ക്കകത്തേക്ക് കടന്നുവന്ന മറിയാമ്മ ചേടത്തി കരഞ്ഞു പ്രാർത്ഥിച്ചു; എന്റെ കർത്താവേ, എന്റെ വീടിപ്പോൾ ഇടിഞ്ഞ് വീഴും, എന്തെങ്കിലുമൊരു വഴി കാണിച്ചു തരണേ.

ഭൂമികുലുക്കം പോലൊരു തോന്നൽ, ശബ്ദം കേട്ട് പുറത്തിറങ്ങിയപ്പോൾ കാര്യം മനസ്സിലായി, പള്ളി പൊളിക്കുകയാണ്. ഇടവക പ്രമാണിയുടെ പ്രസ്താവന കേട്ടു; നാല് കോടിയെങ്കിലും പ്രതീക്ഷിച്ചാലേ അഞ്ച് കോടിയിൽ അവസാനിപ്പിക്കാൻ പറ്റുകയുള്ളു. നാലല്ല നൂറു കോടി വേണമെങ്കിലും ഉണ്ടാകും. പക്ഷേ നമ്മുടെ കർത്താവ് കൂടി വിചാരിക്കണം, കൈക്കാരൻ പറഞ്ഞു. 'ഇവരെന്നെ മറന്നിട്ടില്ല, പ്രതീക്ഷയ്ക്ക് വകയുണ്ട്.' ക്രിസ്തു പുഞ്ചിരിച്ചു. അദ്ദേഹം തുടർന്നു, ഇതിനൊക്കെ ഒരു ഭാഗ്യം വേണം. നമ്മുടെ കർത്താവ് പോര, ഇവിടെ അത്ഭുതങ്ങൾ ഒന്നും ചെയ്യുന്നില്ല. അങ്ങനെ വല്ലതും നടന്നിരുന്നെങ്കിൽ ഈ പള്ളി ഞാൻ സ്വർണ്ണം കൊണ്ട് പൊതിഞ്ഞേനേ.

"എന്റെ പിതാവേ" യേശു കരഞ്ഞു. കണ്ണുനീർ ധാരധാരയായി ഒഴുകി. കുരിശിന്റെ ചുവട്ടിലിരുന്ന മറിയാമ്മ ചേടത്തി ചാറ്റൽമഴ കൊള്ളാതെ വീട്ടിലേയ്ക്ക് നടന്നു. അവിടെ നിന്ന (അ)വിശ്വാസികൾ ആവേശത്തോടെ വിളിച്ചു പറഞ്ഞു. ''സുഗന്ധതൈലം.'' അത്ഭുതം അത്ഭുതം!!

❑

പരുമല തിരുമേനിയുടെ ഓർമ്മപ്പെരുനാൾ

കുഴിമറ്റം: പരിശുദ്ധ പരുമല തിരുമേനിയുടെ തിരുശേഷിപ്പ് സൂക്ഷിച്ചിട്ടുള്ള നമ്മുടെ ദേവാലയത്തിൽ തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ 2015 നവംബർ 7, 8 തീയതികളിൽ ഭക്ത്യാദരപൂർവ്വം നടത്തപ്പെട്ടു. പെരുന്നാൾ ശുശ്രൂഷകൾക്ക് വെരി. റവ. പി. യു. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ മുഖ്യ കാർമ്മികത്വം വഹിച്ചു.

വള്ളിക്കാട്ട് തീർത്ഥാടനം

വാകത്താനം: മലങ്കര ഓർത്തഡോക്സ് സഭയുടെ രണ്ടാം കാതോലിക്കാ വള്ളിക്കാട്ട് ദയറായിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവായുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് കബറിടത്തിലേക്ക് കുഴിമറ്റം സെന്റ് ജോർജ്ജ് യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ ഭക്തിനിർഭരമായ തീർത്ഥാടനം നടത്തി. ഫാ. വർഗീസ് മർക്കോസ് നേതൃത്വം നൽകി.

ഉത്രാടസന്ധ്യ 2015

കുഴിമറ്റം: കുഴിമറ്റം സെന്റ് ജോർജ്ജ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 27 ഉത്രാട ദിനത്തിൽ കുഴിമറ്റം ബഥനി ആശ്രമത്തിലെ അന്തേവാസികളോടൊപ്പം യുവജനപ്രസ്ഥാനാംഗങ്ങൾ "ഉത്രാടസന്ധ്യ" ആഘോഷിച്ചു. കുഴിമറ്റം ബഥനി ആശ്രമം സുപ്പീരിയർ വന്ദ്യ ജോസഫ് റമ്പാച്ചൻ ഉദ്ഘാടനം ചെയ്തു.

കോട്ടയം ഭദ്രാസന യുവജനപ്രസ്ഥാനം ജോയിന്റ് സെക്രട്ടറി ശ്രീ. ബോബിൻ മർക്കോസ് മുഖ്യസന്ദേശം നൽകി. അതേതുടർന്ന് വിവിധ കലാപരിപാടികൾ നടത്തപ്പെട്ടു.

സ്നേഹസാഹോദര്യ ജ്വാല

പരുത്തുംപാറ: ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പള്ളം ഡിസ്ട്രിക്റ്റിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15-ന് വൈകുന്നേരം 4.30 പാച്ചിറ താബോർ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുടെ പരുത്തുംപാറയിലുള്ള കുരിശിങ്കൽ വെച്ച് സ്നേഹസാഹോദര്യജ്വാല നടത്തപ്പെട്ടു. റവ. ജോസഫ് റമ്പാൻ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ പി. എ. ഉമർ ഹൗദവി, ശ്രീപാദം ഈശ്വരൻ നമ്പൂതിരി, കെ. എൻ. ദാമോദരൻ നമ്പൂതിരി, ഫാ. വർഗീസ് എം. വർഗീസ് എന്നിവർ മതസൗഹാർദ്ദ സന്ദേശം നൽകി. യുവജനങ്ങൾ ദീപം തെളിച്ച് മതമൈത്രി പ്രാർത്ഥന നടത്തി.

Alma Tele Shop

(Near N.S.S. H.S.)
Chingavanam
Ph: 0481-2331166, Mob: 9447043104, 8943898900

DVD, Home Theater, Car USB Set, Fan, Iron Box, Amplifier, Chairs, കൂടാതെ Ladies items, Kids Toy's, Chapals, Memory Card, House cleaning Equipments, China Mobiles, Mixi തുടങ്ങി എല്ലാവിധ സാധനങ്ങളും വളരെ വിലക്കുറവിൽ ലഭിക്കുന്നതാണ്. ഫോട്ടോസ്റ്റാറ്റ്, എല്ലാവിധ മൊബൈൽ കണക്ഷനുകളും റീചാർജും

വിലക്കുറവു എത്രമാത്രമെന്ന് നിങ്ങൾ നേരിട്ടു പരീക്ഷിച്ചറിയുക.

ജോസഫ് റമ്പാന്റെ ജന്മദിനാഘോഷം

കുഴിമറ്റം: നമ്മുടെ ഇടവകയുടെയും യുവ ജനപ്രസ്ഥാനത്തിന്റെയും താങ്ങും തണലുമായി നിൽക്കുന്ന വന്ദ്യ ജോസഫ് റമ്പാച്ചന്റെ ജന്മ ദിനം ആഗസ്റ്റ് 15-ന് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ബഥനി ആശ്രമത്തിലെ അന്തേവാസികളോടൊപ്പം ആഘോഷിച്ചു.

യുവജനവാരാഘോഷം

കുഴിമറ്റം: കഴിഞ്ഞ 80 വർഷമായി കുഴിമറ്റം ഇടവകയുടെയും ഈ നാടിന്റെയും കർമ്മോത്സുകമായ പ്രവർത്തന മണ്ഡലങ്ങളിൽ സജീവ സാന്നിദ്ധ്യമായ സെന്റ് ജോർജ് യുവജനപ്രസ്ഥാനത്തിന്റെ ഈ വർഷത്തെ യുവജനവാരാഘോഷം 2015 ഓഗസ്റ്റ് 23 മുതൽ 30 വരെ നടത്തപ്പെട്ടു. വാരാഘോഷത്തിന്റെ ഭാഗമായി യുവജനസമ്മേളനം, യുവജന ദിനാഘോഷം, ബഥനി ആശ്രമ സന്ദർശനം, ഭവനസന്ദർശനം, ഉത്രാട സന്ധ്യ, കുടുംബാരാധനായോഗം, പള്ളിശുചീകരണം എന്നിവ നടത്തി. 30-ാം തീയതി ഞായറാഴ്ച വി. കുർബ്ബാനാനന്തരം നമ്മുടെ ദേവാലയത്തിൽവച്ച് യുവജനപ്രസ്ഥാനം പള്ളം ഡിസ്ട്രിക്ടിന്റെ യുവജനവാരാഘോഷ സമാപനവും നടത്തി. യുവജനപ്രസ്ഥാനം കേന്ദ്ര വനിതാ സെക്രട്ടറി ശ്രീമതി ജിഷാ മറിയം ജോർജ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും പള്ളം ഡിസ്ട്രിക്റ്റ് പ്രസിഡന്റ് ഫാ. വർഗീസ് മർക്കോസ് അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. തുടർന്ന് കുറിച്ചി ഗവ. ആശുപത്രിയിൽ ഓണസദ്യ വിതരണവും നടത്തപ്പെട്ടു.

പിതൃപ്രണാമനിശയും ചെറിയപെരുന്നാളും

കുഴിമറ്റം: നമ്മുടെ ദേവാലയം സ്ഥാപിതമായതിന്ശേഷം ആദ്യമായി വി. കുർബ്ബാന അർപ്പിച്ച 1901 സെപ്റ്റംബർ 14-ാം തീയതി സ്ലീബാ പെരുന്നാളിന്റെ സ്മരണകൾ പുതുക്കുവാനും വാങ്ങിപ്പോയവരെ ഓർമ്മിക്കുവാനും പ്രാർത്ഥിക്കുവാനും യുവജനപ്രസ്ഥാനം സെപ്റ്റംബർ 26, 27 (ശനി, ഞായർ) തീയതികളിൽ പിതൃപ്രണാമനിശയും ചെറിയ പെരുന്നാളുമായി ആചരിച്ചു. ശനി സന്ധ്യാനമസ്കാരത്തെ തുടർന്ന് ഫാ. റിഞ്ചു പി. കോശി വചനശുശ്രൂഷ നടത്തുകയും പഴയസെമിനാരി അദ്ധ്യാപകനായ ഫാ. നൈനാൻ കെ. ജോർജ് ഞായറാഴ്ച വി. കുർബ്ബാനയ്ക്ക് കാർമ്മികത്വം വഹിച്ചു.

യുവജനപ്രസ്ഥാനത്തിന് പുതിയ നേതൃത്വം

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന് പുതിയ നേതൃത്വം. യുവജനപ്രസ്ഥാനത്തിന്റെ കേന്ദ്ര വൈസ് പ്രസിഡന്റായി ഫാ. ഫിലിപ്പ് തരകൻ, ട്രഷററായി ശ്രീ. ജോജി പി. തോമസ് എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

ഡിസ്ട്രിക്റ്റ് കലാമത്സരം

പാത്താമുട്ടം: യുവജനപ്രസ്ഥാനം പള്ളം ഡിസ്ട്രിക്റ്റ് കലാമത്സരത്തിൽ കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനം രണ്ടാം സ്ഥാനം കരസ്ഥമാക്കി. റ്റിന്റു തോമസ് സിംഗിൾ സോങ്ങ്, പ്രസംഗം എന്നിവയിൽ യഥാക്രമം ഒന്ന്, രണ്ട് സ്ഥാനവും റ്റിന്റു തോമസ്, കെൽവിൻ റ്റി. വർഗീസ്, റോഷൻ കുരുവിള എന്നിവരടങ്ങിയ ടീം ഗ്രൂപ്പ് സോങ്ങിൽ ഒന്നാം സ്ഥാനവും, കഥാരചനയിൽ റോഷൻ കുരുവിള രണ്ടാം സ്ഥാനവും, ഉപന്യാസ രചനയിൽ കെൽവിൻ റ്റി. വർഗീസ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

നവദമ്പതികൾക്ക് ആശംസകൾ

കുറ്റിക്കൽ പുത്തൻപുരയിൽ രോഹിൻ മാത്യുവും ക്രിസ്റ്റിയും

കണിയാംപറമ്പിൽ റോബി ഏബ്രഹാമും ജിനുവും



ചിറപ്പുറത്ത് സി. ആർ. ഗീവർഗീസും മിന്നുവും

നേര്യംപറമ്പിൽ മാമ്മൂട്ടിൽ ബിൻസിയും അനീഷും

വയലാറ്റ് സുബിൻ വർഗീസും ജിൻസിയും

Printed and Published by St. George Youth Movement, Kuzhimattom. Printed at Sophia Print House, Kottayam.